Received on
24/4/18

964/18





രാജേഷ് എം
രാജേഷ് ഭവനം
തെങ്ങമം പി ഒ, തെങ്ങമം
പിൻ:690522


പബ്ലിക് ഇൻഫർമേഷൻ ആഫീസർ
ജില്ലാ സാമൂഹ്യ നീതി ആഫീസ്
പത്തനംതിട്ട

സർ

വിഷയം: വിവരാവകാശ നിയമം 2005 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. താങ്കളുടെ അധികാര പരിധിയിലുള്ള വനിതാ പ്രൊട്ടക്ഷൻ ആഫീസിൽ ആഫീസ് അറ്റൻഡ് കം ക്ലാർക്ക് തസ്തികയിലേയ്ക്ക് 05/04/2018 ൽ നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം
2. ഡി ടി പി (മലയാളം & ഇംഗ്ലീഷ്) യോഗ്യതയുള്ള എത്ര ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിന് ഉണ്ടായിരുന്നു. ആയതിന്റെ യോഗ്യത തെളിയിക്കുന്ന അംഗീകൃത സർട്ടിഫിക്കറ്റ് എല്ലാവരും ഹാജരാക്കിയിരുന്നുവോ? അംഗീകൃത സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഉദ്യോഗാർത്ഥികളുടെയും ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടെയും പേര് വിവരം വെവ്വേറെ ലഭ്യമാക്കിയാലും.
3. ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണം, ഔദ്യോഗിക പദവി, പേര് എന്നിവ ലഭ്യമാക്കിയാലും
4. ഡി ടി പി (മലയാളം & ഇംഗ്ലീഷ്) യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിന് ഉണ്ടായിരുന്നു. പേര് വിവരം ലഭ്യമാക്കിയാലും.
5. വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ഡിടിപി-കംപ്യൂട്ടർ പരിജ്ഞാനം പരിശോധിക്കുന്നതിന് പ്രത്യേകം കംപ്യൂട്ടർ പരീക്ഷ നടത്തിയിരുന്നുവോ? നടത്തിയെങ്കിൽ എത്ര പേർ ആയതിന് ഹാജരായിരുന്നു? പങ്കെടുത്തവർക്കെല്ലാം ഒരേ ചോദ്യം തന്നെയായിരുന്നുവോ നൽകിയിരുന്നത്? അതെയെങ്കിൽ ചോദ്യപേപ്പറിന്റെ പകർപ്പ് ലഭ്യമാക്കിയാലും.
6. വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുത്തവർക്ക് ഇന്റർവ്യൂ ബോർഡംഗങ്ങൾ ഓരോരുത്തരും നൽകിയ മാർക്കിന്റെ വിവരങ്ങൾ ലഭ്യമാക്കിയാലും
7. ആഫീസ് അറ്റൻഡ് കം ക്ലാർക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ? എത്ര പേർ ആ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്? ആളുകളുടെ പേര് വിവരം അല്ലെങ്കിൽ റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കിയാലും.

(മറുപുറം)

8. ഏതെങ്കിലും ഉദ്യോഗാർത്ഥിയെ/ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിന് രാഷ്ട്രീയപരമായോ ഉദ്യോഗസ്ഥപരമായോ ഉള്ള ശുപാർശകൾ രേഖാമൂലമോ ഫോൺ മുഖേനയോ താങ്കൾക്കോ ഇന്റർവ്യൂ ബോർഡംഗങ്ങൾക്കോ ലഭിച്ചിട്ടുണ്ടോ?
9. നാളിതുവരെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലായെങ്കിൽ ആയതിന് ഭരണപരമായ എന്തെകിലും തടസ്സം നിലനിൽക്കുന്നുണ്ടോ? റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതിന് താങ്കൾക്ക് രേഖാമൂലമോ വാക്കാലോ വകുപ്പിൽ നിന്നോ മറ്റ് ഉന്നത തലത്തിൽ നിന്നോ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്- വിശദ വിവരം ലഭ്യമാക്കിയാലും. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതിന് ഇന്റർവ്യൂ ബോർഡംഗങ്ങളാണോ താങ്കളാണോ ഉത്തരവാദിയെന്ന് വ്യക്തമാക്കിയാലും.
10. ഉദ്യോഗാർത്ഥികളുടെ കംപ്യൂട്ടർ പരിജ്ഞാനം-ഡി ടി പി (മലയാളം & ഇംഗ്ലീഷ് ), ടൈപ്പിംഗ് യോഗ്യത എന്നിവ തെളിയിക്കുന്നതിന് ടെസ്റ്റ് നടത്തുകയും ഉദ്യോഗാർത്ഥികൾ ടൈപ്പ് ചെയ്തതിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രസ്തുത പ്രിന്റുകളുടെ പകർപ്പ് ലഭ്യമാക്കിയാലും.

മേൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളുടെ പകർപ്പ് കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടത് അത്യാവശ്യമാകയാൽ, പേജ് ഒന്നിന് ആവശ്യമായ ഏകദേശ തുക കണക്കാക്കി 100/- രൂപ ചെലാൻ അടച്ചതിന്റെ അസ്സൽ ഇതോടൊപ്പം സമർപ്പിക്കുന്നു. 100/- രൂപ വരെയുള്ള ചെലവ് ഇതിൽ നിന്നും വഹിച്ച് മറുപടിയോടൊപ്പം തന്നെ പകർപ്പുകൾ ലഭ്യമാക്കേണ്ടതും അധിക തുക ആവശ്യമെങ്കിൽ ആയത് അറിയിക്കുന്ന പക്ഷം ഒടുക്കുന്നതുമാണ്. ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പുകൾക്ക് 100/- രൂപ ആകുന്നില്ലായെങ്കിൽ ശേഷിച്ച തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണെന്നും അറിയിക്കുന്നു.

തെങ്ങമം

വിശ്വസ്തതയോടെ

രാജേഷ് എം